**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 501** **08-11-2021 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ വ്യവസായ മേഖലയിൽ മുന്നേറ്റമുണ്ടാക്കുന്നതിന്റെ ഭാഗമായി ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 13-ാം പഞ്ചവത്സരപദ്ധതികാലത്ത് ആരംഭിച്ച രണ്ടാം പുന:സംഘടനാപദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നത്. ഇതിനായി പച്ചതൊണ്ടിൽ നിന്ന് നേരിട്ട് ചകിരി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഇതിനോടകംതന്നെ 80,000 മുതൽ 1,00,000 തൊണ്ട് വരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊണ്ടിന്റെ ലഭ്യത കൂടുതൽ ഉള്ള വടക്കൻ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകി അവരെ ഈ മേഖലയിലേക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്. ഉയർന്ന ഉൽപ്പാദന ശേഷിയുള്ള അൻപത് മില്ലുകൾ മലബാർ മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തൊണ്ടിന്റെ ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി ആലപ്പുഴ-വൈക്കം ഒരു കയർ കൺസോർഷ്യം പ്രവർത്തിച്ചു വരുന്നു. പരമാവധി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടാം പുന:സംഘടനാ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | കയർ മേഖലയുടെ ആധുനികീകരണത്തിനായി നടപ്പാക്കി വരുന്ന രണ്ടാം പുന:സംഘടനയുടെ ആദ്യഘട്ടം ഈ സാമ്പത്തിക വർഷത്തോടെ അവസാനിക്കുമ്പോൾ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്നും അവ എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | കയർ രണ്ടാം പുന:സംഘടനാപദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. 1. ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക:- 2016-2021 കാലത്ത് നടപ്പിലാക്കിയ കയർ രണ്ടാം പുന:സംഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽ ഏറ്റവും പ്രധാനം ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയാണ്. കയർ മേഖലയിലെ രണ്ടാം |

പുന:സംഘടനയുടെ ഭാഗമായി 2016-21 കാലത്ത് 80,000 മുതൽ 1,00,000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 മില്ലുകൾ പ്രവർത്തനക്ഷമമായി. ചകിരിയുടെ ഉൽപ്പാദനം 2021 സെപ്റ്റംബറോടെ 44% ആയി ഉയർന്നിട്ടുണ്ട്. തൊണ്ടിന്റെ ഉപയോഗം 2021-22 വർഷത്തിൽ 19% ആയി ഉയർന്നിട്ടുണ്ട്. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് സംഭരിച്ചു നൽകുന്ന ചകിരിയിൽ സംസ്ഥാനത്തെ ഡി.എഫ്. മില്ലുകൾ ഉൽപ്പാദിപ്പിക്കുന്ന ചകിരിയുടെ വിഹിതം 44% ആയി ഉയർന്നിട്ടുണ്ട്. 2.പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽ ക്കരണം നടപ്പാക്കുക:- കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ഉല്പാദനക്ഷമത വർദ്ധിക്കുകയും വരുമാനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380/- രൂപയായിരുന്നത് 2020-21 ൽ കയർ ഉത്പാദനം വർദ്ധിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി കൂലി ഉറപ്പാക്കുന്നതിന് 2020-21 ൽ 24 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 2021-22 ൽ സെപ്റ്റംബർ 30 വരെ 15 കോടി രൂപയും നൽകിയിട്ടുണ്ട്. 2020-21 ൽ വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 38,500 തൊഴിലാളികളാണ് ഉള്ളത്. 2020-21 ലെ കയർ ഉല്പാദനം 25,000 ടൺ ആണ്. യന്ത്രവൽക്കരണം മൂലം പരമ്പരാഗത കയർ മേഖലയിൽ യാതൊരു തൊഴിൽ നഷ്ടവും ഉണ്ടായിട്ടില്ല. 3. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക:- എം.എൻ.ആർ.ജി.എസ് ആയി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരളയിൽ 121 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. 875 ഗ്രാമപഞ്ചായത്തുകളിലായി 1.68 കോടി ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രമാണ് തദ്ദേശസ്വയം ഭരണ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ വഴി ധാരണപത്രപ്രകാരം വിതാനിക്കാൻ സാധിക്കുന്നത്. PWD റോഡുകളിലും ഗ്രാമീണ റോഡുകളിലും കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.. 4. ഉൽപ്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണം:- കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യത കണ്ടെത്തുന്നതിനായി കയർ അക്വസ്റ്റിക് പാനൽ, കയർ കോമ്പോസിറ്റ് ബോർഡ്, ബൈൻഡർലെഡ് ബോർഡ്, കയർ ജിയോസെൽ, കയർ മൽച്ചിങ് മാറ്റ് തുടങ്ങിയ വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. 5.നൂതന മാർക്കറ്റിംഗ് സംവിധാനങ്ങൾ നടപ്പാക്കുക:- കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വിപൂലീകരണത്തിനായി കയർ കേരള, കയർ കാർണിവെൽ, ബീ ടു ബി, ബയർ-സെല്ലർ മീറ്റുകൾ എന്നിവ നടത്തപ്പെടുന്നു. 2020 വെർച്ചൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പ് വച്ചിട്ടുണ്ട്. ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇത്തരം നടപടികളുടെ ഫലമായി ചകിരിയുടെ ഉൽപ്പാദനം വർദ്ധിക്കുന്നതിനും കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും വേതനവും വർദ്ധിപ്പിക്കുന്നതിനും അതുവഴി കയർ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന സാധ്യമാക്കുന്ന തിനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ